# മേയറെത്തേടി, മേയറെത്തേടി....

ഡി. ബാബു പോൾ

കഥാപാത്രങ്ങൾ രചയിതാവിനെ തേടുന്നു എന്നുപറഞ്ഞ സായിപ്പും വെളിച്ചം വിളക്കന്വേഷിക്കുന്നു എന്നറിയിച്ച മലയാളിയും തർക്കിക്കുകയില്ലെന്ന പ്രത്യാശയിൽ ആ മഹാമനീഷികളെ നമസ്കരിച്ചുകൊണ്ട് പറഞ്ഞുതുടങ്ങട്ടെ, നഗരം മേയറെ തപ്പിനടക്കുന്നു. ജയൻബാബുവും മഹേശ്വരൻ നായരും അശോക്കുമാറും തോറ്റു. അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിൽ നേമത്ത് മത്സരിക്കുകയും കേരളത്തിലെ ആദ്യത്തെ ബി.ജെ.പി. എമ്മെല്ലേയോട് തോൽക്കുകയും ചെയ്യാനാവും പാവം ജയൻബാബുവിന്റെ വിധി. പിന്നെ മഹേശ്വരൻ നായരാണ്. ആളും കോൺഗ്രസുകാരനാണ്. ജയിക്കുകയും മേയറാവുകയും ചെയ്തിരുന്നെങ്കിലും പിറ്റേന്ന് മുതൽ നേതൃമാറ്റം എന്ന ഭീഷണിയുമായി ഭരിക്കണമെങ്കിൽ ഉമ്മൻചാണ്ടിതന്നെ വേണം എന്ന നിലയ്ക്ക് മഹേശ്വരൻ നായർക്കും ഒരാപത്ത് ഒഴിഞ്ഞുകിട്ടി എന്ന് ആശ്വസിക്കാം. അശോക്കുമാറിന്റെ കാര്യം അങ്ങനെയല്ല. നിർഭാഗ്യംകൊണ്ട് മാത്രം തോറ്റുപോയ ആളും. ഭാ.ജ.പാ. 25 സീറ്റ് നേടും എന്നായിരുന്നു എന്റെ മനക്കണക്ക്. അവരുടെ സുമുഖനായ നേതാവായി അശോകിനെ ഞാൻ കിനാവ് കണ്ടിരുന്നു. സീറ്റ് കൂടിയപ്പോൾ അശോകന്റെ പരാജയത്തിലെ ദുഃഖവും കൂടി.

ഞാൻ ആദ്യം പരിചയപ്പെട്ട ജനസംഘം നേതാവ് അഡ്വ. ഒ.രാജഗോപാൽ ആയിരുന്നു. അത് 1970ൽ. നല്ല വരുമാനം ഉണ്ടായിരുന്ന വക്കീലാപ്പീസ് പൂട്ടി ജനസംഘത്തിന്റെ പ്രവർത്തകനായി 'സന്ന്യാസം' വരിക്കുമ്പോൾ ആദർശം മാത്രം ആയിരുന്നു അദ്ദേഹത്തിന്റെ ബലം. പാലക്കാട് കളക്ടറുടെ 'വക്കീലേ' എന്ന വിളി, അനുജന്റെ 'രാജേട്ടാ' എന്നതാക്കിയതും പിന്നെ, 2004-ൽ അദ്ദേഹത്തിന്റെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ അധ്യക്ഷസ്ഥാനം സ്വീകരിക്കണമെന്ന് തിരുവനന്തപുരത്തിന്റെ കാരണവരായ അയ്യൻപിള്ള സാർ -അഡ്വ. കെ.അയ്യപ്പൻപിള്ള- പറഞ്ഞപ്പോൾ ഒരു രാഷ്ട്രീയവും അന്നോളം ഇല്ലാതിരുന്ന ഞാൻ അനുസരിച്ചതും ആദർശത്തോടുള്ള ആ പ്രതിബദ്ധതയെ മാനിച്ചതിനാലാണ്. രാജേട്ടന്റെ ഒരു 'ശിങ്കിടി' ആയിട്ടാണ് അശോകിനെ ആദ്യം കണ്ടത്. അശോക് ഇടയ്ക്ക് ഗൾഫിൽ പോയപ്പോൾ നിരാശ തോന്നിയെങ്കിലും തിരിച്ചുവന്ന് വീണ്ടും കളത്തിലിറങ്ങിയപ്പോൾ എനിക്ക് ആഹ്ലാദം തോന്നി. 2026-ൽ കേരളത്തിൽ ഭാ.ജ.പാ. മന്ത്രിസഭ രൂപവത്കരിച്ചേക്കാം. അന്ന് ഞാൻ ഈ ഭൂമുഖത്ത് ഉണ്ടാകാനിടയില്ല. എങ്കിലും പറയട്ടെ, അശോകനെ അന്ന് മന്ത്രിയാക്കണം.

ഈ നഗരത്തിന്റെ പഴയ മേയർമാരെ ഓർക്കാനുള്ള സമയമാണല്ലോ ഈ ഇടവേള. ആദ്യത്തെ മേയർ സി.ഒ.മാധവൻ ആയിരുന്നു. ആലുമ്മൂട്ടിൽ പടീറ്റതിൽ ഉമ്മിണികുഞ്ഞ് ചാന്നാരുടെയും കോമലേഴത്ത് കുഞ്ഞുപെണ്ണ് ചാന്നാട്ടിയുടെയും മകൻ. തിരുവിതാംകൂറിൽ ചീഫ് സെക്രട്ടറി ആയ ആദ്യത്തെ അവർണൻ. ചരിത്രത്തിൽ സി.ഒ. സഹോദരന്മാർ എന്നറിയപ്പെടുന്നവരിൽ മൂത്തയാൾ. രണ്ടാമനാണ് സി.ഒ.കരുണാകരൻ. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സ്ഥാപക പ്രിൻസിപ്പൽ. കേംബ്രിഡ്ജിലും ലണ്ടനിലും ഉപരിപഠനം നടത്തിയ ആളും. സർ സി.പി. ശ്രദ്ധിക്കുകയും പ്രത്യേക പരിശീലനത്തിന് അമേരിക്കയിൽ അയയ്ക്കുകയും ചെയ്ത വ്യക്തി. സ്ഥാപക പ്രിൻസിപ്പലായിരിക്കെ, മെഡിക്കൽ വിദ്യാർഥികൾക്ക് അന്താരാഷ്ട്രതലത്തിൽ പരിചയം ഉറപ്പിക്കാനായി വിദേശത്തുനിന്ന് ഒരു വിദഗ്ധനെ കൊണ്ടുവന്ന് പ്രിൻസിപ്പലാക്കി അദ്ദേഹത്തിന്റെ കീഴിൽ വൈസ് പ്രിൻസിപ്പലായി തുടർന്ന നിസ്വാർഥമതി. സ്വീഡനിൽ ആരോഗ്യവകുപ്പ് മേധാവിയായിരുന്ന ആക്സൽ ഹോജറിനെയാണ് ലോകാരോഗ്യസംഘടന വഴി കരുണാകരൻ തിരുവനന്തപുരത്ത് കൊണ്ടുവന്നത്. അലക്സാണ്ടർ ഫ്ളെമിങ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഗസ്റ്റ് ലക്ചറർ ആയി വന്ന സുവർണകാലം ആയിരുന്നു സി.ഒ.കരുണാകരന്റെ ഭരണകാലം.

രാജഭരണകാലത്ത് 'രാജ്യസേവാനിരത' എന്ന സ്ഥാനം നേടിയ കരുണാകരനാണ് 1925-ൽ ഇന്ത്യയിൽ ആദ്യമായി കുടുംബാസൂത്രണത്തിന്റെ ആവശ്യകതയെക്കുറിച്ച് പ്രസംഗിച്ചത്. സി.കേശവന്റെ കോഴഞ്ചേരി പ്രസംഗവും ടി.എം.വർഗീസിന്റെ ആലപ്പുഴ പ്രസംഗവും ചരിത്രത്തിൽ ഇടംപിടിക്കുന്നതിന് മുമ്പായിരുന്നു കാർത്തികപ്പള്ളി പ്രസംഗം എന്ന് ഭാരതത്തിന്റെ ആരോഗ്യചരിത്രത്തിൽ രേഖപ്പെടുത്തുന്ന ഈ പ്രസംഗം. മാധവന്റെയും കരുണാകരന്റെയും സഹോദരൻ സി.ഒ.ദാമോദരൻ പബ്ലിക് സർവീസ് കമ്മിഷണർ ആയിരുന്നു എന്നുകൂടെ പറഞ്ഞാൽ മാത്രമേ ഈ കോമലേഴത്തുപുരാണം പൂർത്തിയാവൂ. സി.ഒ.മാധവന്റെ മക്കളായിരുന്നു ഐ.ജി. എം.ഗോപാലനും റെയിൽവേ ബോർഡ് ചെയർമാൻ എം.എൻ.പ്രസാദും.

മാധവനെ തമ്പുരാൻ നിയമിച്ചതാണ്. രണ്ടാമത്തെ മേയർ കരിമ്പുവിളാകം എം.ഗോവിന്ദപ്പിള്ളയാണ് തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ മേയർ. ആറ് മാസം തികച്ചില്ല ഗോവിന്ദപ്പിള്ള. ചീഫ് സെക്രട്ടറിയായിരുന്ന കെ.ജോർജ് തിരുവനന്തപുരത്തിന്റെ മൂന്നാമത്തെ മേയറായി. രാജഭരണകാലത്ത് ചീഫ് സെക്രട്ടറി പദവിയിൽ എത്തിയ ഒരേയൊരു നാട്ടുക്രിസ്ത്യാനി ജോർജ് ആയിരുന്നു. ആ നിയമനം ഇ.വി. പരാമർശിച്ചിട്ടുണ്ട്. അഞ്ചാമത്തെ മേയർ ആയിരുന്നു എസ്.വരദരാജൻ നായർ. 48-49 കാലത്തായിരുന്നു അത്. തിരുവനന്തപുരത്ത് പേര് പറയാതെ 'സാർ' എന്ന് മാത്രം പറഞ്ഞാൽ വരദരാജൻ നായരെയാണ് സൂചിപ്പിക്കുന്നത് എന്ന് മനുഷ്യർക്ക് മനസ്സിലാകുമാറ് പിൽക്കാലത്ത് ജനഹൃദയങ്ങളിൽ ഇടംനേടിയെങ്കിലും രാഷ്ട്രീയത്തിൽ തദനുസൃതമായ സ്ഥാനമാനങ്ങളൊന്നും സാറിന് കിട്ടിയില്ല. ഞാൻ സി.ഇ.ടി.യിൽ പഠിക്കുന്ന കാലത്ത് 'നിരപരാധിയായ' എന്നെ രാഷ്ട്രീയം പ്രസംഗിക്കാൻ സാർ പറഞ്ഞയച്ച കഥ നേരത്തെ പറഞ്ഞിട്ടുണ്ട്. പിൽക്കാലത്ത് ടൈറ്റാനിയത്തിലും കെ.എസ്.ആർ.ടി.സി.യിലും സാർ ഉത്തരവാദിത്വബോധമുള്ള നേതാവായി എന്നോടൊപ്പം പ്രവർത്തിച്ചിരുന്നു. കുറച്ചുകാലം സാർ ധനകാര്യമന്ത്രി ആയിരുന്നപ്പോൾ ഒപ്പം ഗവൺമെന്റ് സെക്രട്ടറിയായി ജോലിചെയ്യാനും എനിക്ക് കഴിഞ്ഞു.

മേയർ എന്ന നിലയിൽ നേരിൽക്കാണാൻ സന്ദർഭമുണ്ടായത് ഇ.പി.ഈപ്പനെ ആണ്. ഏതാണ്ട് രണ്ട് വർഷം മേയറായിരുന്നു ഈപ്പൻ.

പട്ടം താണുപിള്ളയുടെ ഖജനാവായിരുന്ന ഈപ്പൻ ഒന്നോ രണ്ടോ തവണ എമ്മെല്ലെയുമായി. ഏഴ് തലമുറ പുതിയ വരുമാനമാർഗം തേടാതെ ജീവിച്ചാലും ഒടുങ്ങാത്ത ധനം അവശേഷിപ്പിച്ചിട്ടാണ് ഈപ്പന്റെ തന്ത (ഇതാണ് നല്ല മലയാളപദം എന്ന് പറഞ്ഞുതന്നത് ഇയ്യെമ്മ

സി) ഫിലിപ്പോസ് വക്കീൽ ഇഹലോകവാസം അവസാനിപ്പിച്ചത്. മകൻ ഏഴ് കൊല്ലംകൊണ്ട് അത് തീർക്കാൻ ശ്രമിച്ചു. ഒട്ടൊക്കെ വിജയിക്കുകയും ചെയ്തു. എ.കെ.ജി. സെൻററിനും ജനറലാശുപത്രിക്കും മധ്യേ കാണാവുന്ന ആ വലിയ ബംഗ്ളാവ് ശ്രദ്ധയിൽപ്പെടുമ്പോഴൊക്കെ ഇലഞ്ഞിക്കൽ കുടുംബത്തെ ഓർക്കും ഞാൻ. തിരുവനന്തപുര



ത്ത് എത്തിയ ആദ്യത്തെ സുറിയാനികുടുംബങ്ങളിൽ ഒന്നാണ് ഇലഞ്ഞിക്കൽ.

തിരുവനന്തപുരത്തുകാർക്ക് പരിചയമുള്ള വിഷയമല്ലാത്തതിനാൽ സുറിയാനിക്രിസ്ത്യാനികളുടെ കഥയും പറഞ്ഞേക്കാം. സുറിയാനി ക്രിസ്ത്യാനികൾ പോർച്ചുഗീസുകാർക്ക് മുമ്പുതന്നെ മതം മാറിയ ഹിന്ദുക്കളാണ്. പശ്ചിമേഷ്യയിൽനിന്ന് നാലാം നൂറ്റാണ്ടിലും ഒമ്പതാം നൂറ്റാണ്ടിലും ആയി രണ്ട് കുടിയേറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, ഇന്ന് മുപ്പത് ലക്ഷത്തോളം വരുന്ന സുറിയാനിക്കാരിൽ രണ്ട് ലക്ഷം തികയുമെന്ന് തോന്നുന്നില്ല അവരുടെ പിൻമുറക്കാർ. സുറിയാനി ക്രിസ്ത്യാനികളുടെ സാമൂഹികാചാരങ്ങൾ പൊതുവെ സവർണമാണ്. പുളികുടിയും പുലയും അടിയന്തരവും ശ്രാദ്ധവും അന്നപ്രാശനവും വിദ്യാരംഭവും ലോകത്ത് മറ്റൊരു ക്രിസ്തീയവിഭാഗത്തിനും ഇല്ലാത്ത മംഗല്യസൂത്രവും പുടവകൊടയും വാല്ലുരവയും ഒക്കെ അടുത്ത കാലം വരെ സുസാധാരണമായിരുന്നു കൊട്ടാരക്കര മുതൽ ഭാരതപ്പുഴ വരെ. ഇപ്പോൾ വിദ്യാരംഭത്തിലും വിവാഹത്തോട് ബന്ധപ്പെട്ട ചടങ്ങുകളിലും മാത്രമാണ് ആചാരങ്ങൾ സാർവത്രികമായി കാണുന്നത്. ചില പ്രദേശങ്ങളിലും ചില കുടുംബങ്ങളിലും വാല്ലുരവ ഇപ്പോഴും തുടരുന്നുണ്ട്.

സുറിയാനി ക്രിസ്ത്യാനികൾക്ക് ആ പേര് കിട്ടിയത് പോർച്ചുഗീസുകാർ ലത്തീൻഭാഷ ആരാധനയ്ക്ക് ഉപയോഗിച്ചതിനോട് അവർ മറുതലിച്ചത് മുതൽ ആവാം. ഭാരതത്തിലെ ആദ്യത്തെ സ്വാതന്ത്ര്യകാഹളം മുഴക്കിയത് അവരായിരുന്നു, 1653. കൂനൻകുരിശ് സത്യം. പോർച്ചുഗീസ് മിഷണറിമാർ തിരിച്ചുപോകണം എന്നതായിരുന്നു ആവശ്യം. അതിന്റെ തുടർച്ചയായി അവർ ലത്തീൻ ബഹിഷ്കരിച്ചു. യേശു എന്ന ഏഷ്യക്കാരൻ സംസാരിച്ച അരമായ ഭാഷയുടെ രൂപാന്തരമായ സുറിയാനി ആയിരുന്നു അവരുടെ ആരാധനാഭാഷ. അങ്ങനെ മിഷണറിമാരെ തള്ളിപ്പറഞ്ഞ് സുറിയാനിയിൽ ആരാധന തുടർന്നവരാണ് സുറിയാനി ക്രിസ്ത്യാനികൾ.(സുറിയാനിസഭ എന്ന് അന്ത്യോഖ്യൻസഭ പരാമർശിക്കപ്പെടുന്നതിന് വേറെ ന്യായങ്ങൾ ഉണ്ട്; അത് ഇവിടെ പ്രസക്തമല്ല).

സുറിയാനിക്കാർ പൊതുവെ, തോമാശ്ലീഹാ അവരുടെ ഇല്ലത്ത് കഞ്ഞി കുടിച്ചു എന്നും അവരൊക്കെ പൂർവാശ്രമത്തിൽ നമ്പൂരിമാരായിരുന്നു എന്നും പറയും. തോമാശ്ലീഹാ വന്നാലും ഇല്ലെങ്കിലും ഒന്നാം നൂറ്റാണ്ടിൽ നമ്പൂരിമാർ ഉണ്ടായിരുന്നില്ല ഈ ബുദ്ധ-ജൈന ഭൂമിയിൽ. എന്നാൽ, സായിപ്പ് വന്ന പതിനാറാം നൂറ്റാണ്ടിൽ നമ്പൂരിയുടെ ആധിപത്യം ഉറച്ചിരുന്നു. അതുകൊണ്ട്, 'ദാ കണ്ടില്ലേ ഇതായിരുന്നു ഞങ്ങളുടെ പൂർവികരുടെ സ്ഥാനം' എന്ന് സായിപ്പിനോട് പറഞ്ഞിടത്തായിരിക്കണം ഈ നമ്പൂരിപാരമ്പര്യത്തിന്റെ തുടക്കം. പതിനെട്ടാം നൂറ്റാണ്ടിൽ ഭ്രഷ്ട് പിണഞ്ഞ ഒരു നമ്പൂതിരിയുടെ പിന്മുറക്കാരൻ ഈ പുതുക്രിസ്ത്യാനി, പഴയ പാരമ്പര്യം ഉള്ള ക്രിസ്ത്യാനികളെ പരിഹസിക്കയാണെന്ന് ധരിക്കരുത് എന്നപേക്ഷിച്ചുകൊണ്ട് പറയട്ടെ, കേരളത്തിലെ ചാതുർവർണ്യത്തിൽ കാണാനില്ലാത്ത വൈശ്യരുടെ സ്ഥാനം ആയിരുന്നു സുറിയാനിക്രിസ്ത്യാനികളുടേത് എന്ന് കരുതുകയാണ് യുക്തിഭദ്രം. മൂന്ന് കാരണങ്ങൾ. ഒന്ന്, പന്ത്രണ്ട്-പതിന്നാല് നൂറ്റാണ്ടുകളിൽ കേരളം സന്ദർശിച്ച പാശ്ചാത്യർ കച്ചവടത്തിന്റെ ചുക്കാൻ മാർത്തോമ്മാ പാരമ്പര്യം അവകാശപ്പെടുന്ന ക്രിസ്ത്യാനികൾക്കാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ട്, വന്നുകയറിയ വിദേശക്രിസ്ത്യാനികൾ വ്യാപാരികളായിരുന്നു. മൂന്ന്, തോമാശ്ലീഹാ ഒന്നാം നൂറ്റാണ്ടിൽ യഹൂദരെ തേടി മുസിരിസിൽ വന്നപ്പോൾ വല്ലവരും മാർഗംകൂടിയെങ്കിൽത്തന്നെ അത് കച്ചവടവുമായി ബന്ധപ്പെട്ട് യഹൂദരോട് സഹവാസം ഉണ്ടായിരുന്നവരെ ആയിരിക്കണം താനും. (അന്ന് ചാതുർവർണ്യം കേരളത്തിൽ ഇല്ല എന്ന് ഓർക്കാതെയല്ല ഈ ഓൾട്ടർനെറ്റ്പ്ളി അവതരിപ്പിക്കുന്നത്).

ഇ.പി.ഈപ്പന്റെ ഇലഞ്ഞിക്കൽ കുടുംബം കച്ചവടത്തിലാണ് വ്യാപരിച്ചിരുന്നത്. അവരിൽ ഒരു പ്രമാണി ഇ.ജെ.ജോൺ വക്കീൽ 1895-ൽ തിരുവിതാംകൂർ ഹൈക്കോടതിയിൽ വക്കീലായി തിരുവനന്തപുരത്ത് വന്നു. ജോൺ വക്കീലിന്റെ രണ്ട് മക്കൾ മന്ത്രിമാരായി: തിരുക്കൊച്ചിയിൽ ജോൺ ഫിലിപ്പോസും കേരളത്തിൽ ജോൺ ജേക്കബും.

ആരോപണം വന്നപാടെ രാജിവെച്ച് മാനനഷ്ടക്കേസ് കൊടുത്ത് വിജയശ്രീലാളിതനാവുകയും മന്ത്രിസ്ഥാനം വീണ്ടും ഏറ്റെടുക്കാൻ വിസമ്മതിക്കുകയും ചെയ്ത വ്യക്തിയാണ് ജോൺ ഫിലിപ്പോസ്. അദ്ദേഹത്തിന്റെ ബംഗ്ളാവ് ഇപ്പോൾ സെക്രട്ടേറിയറ്റിന്റെ ഭാഗമാണ്. ജോൺ ഫിലിപ്പോസ് മന്ത്രി ആയിരുന്നപ്പോൾ മുണ്ട് മാടിക്കുത്തി ഓഫീസിലേക്ക് നടക്കുമായിരുന്നു എന്ന പുരാണം ഓർക്കുക. ജോൺ വക്കീലിന്റെ ഒരു ബന്ധു ഫിലിപ്പോസ് ലോ കോളേജിൽ പഠിക്കാൻ തിരുവനന്തപുരത്ത് വന്നു. അദ്ദേഹം വക്കീലായി ശോഭിച്ചു. അദ്ദേഹമാണ് ഏഴ് തലമുറയ്ക്ക് വേണ്ട സ്വത്ത് സമ്പാദിച്ചതായി നേരത്തെ പറഞ്ഞ ഇ.ജെ.ഫിലിപ്പോസ്.

സി.എസ്.നീലകണ്ഠൻ നായർ വക്കീലായി എന്റെ കോടതിയിൽ ഹാജരായിട്ടുണ്ട് പിൽക്കാലത്ത്. അദ്ദേഹം മേയർ ആയിരിക്കുമ്പോൾ ഞാൻ ജൂനിയർ എൻജിനീയർ. കോസലന്റെ കാര്യം മുമ്പ് ഒരു ലക്കത്തിൽ പറഞ്ഞു. കെ.സി.വാമദേവനും നന്തൻകോട് കരുണാകരനും വരദരാജൻനായർ സാറിനെപ്പോലെ തൊഴിലാളിനേതാക്കൾ എന്ന നിലയിൽ പരിചയപ്പെട്ടവരാണ്. വാമൻ ട്രാൻസ്പോർട്ടിലും കരുണാകരൻ ടൈറ്റാനിയത്തിലും. പിന്നെ ഒരു മേയർ സ്റ്റാൻലി. സ്റ്റാൻലിയും ആർ.എസ്.പി.യിലെ ചന്ദ്രചൂഡനും എന്റെ കോഫീ ഹൗസ് സ്മരണകളുടെ ഭാഗമാണ്.

ശിവൻകുട്ടി മുതൽ അടുത്ത തലമുറ ആയല്ലോ. പി.ജി.യുടെ (പി.ഗോവിന്ദപ്പിള്ള) ജാമാതാവാണ് ശിവൻകുട്ടി. പി.ജി. എനിക്ക് ഭ്രാതൃതുല്യൻ. ശിവൻകുട്ടി മേയറായിരിക്കുമ്പോൾ ഞാൻ സാംസ്കാരിക കാര്യ സെക്രട്ടറിയാണ്. പല വേദികളിലും ഒരുമിച്ച് വരും. നഗരപിതാവും എന്റെ അനന്തരവളുടെ ഭർത്താവും എന്നായിരുന്നു എന്റെ സംബോധന. ഒരിക്കൽ പാർവതി പറഞ്ഞു- ''എല്ലാവരും ചോദിക്കുന്നു, മിശ്രവിവാഹമാണല്ലേ എന്ന്'' അതൊരു കഥ അങ്ങനെ.

അറുപതുകളിൽ മേയറായിരുന്ന ഒരാൾ പ്രസംഗം മാറ്റിപ്പറഞ്ഞ 'ചരിത്രം' കൂടി പറഞ്ഞ് ഈ കുറിപ്പ് ഉപസംഹരിക്കാം. മേയർക്ക് ഒരുനാൾ രണ്ട് പ്രസംഗം. ഒന്ന് റൂറൽ ബ്ലോക്കിലെ കുടുംബാസൂത്രണമേള. മറ്റേത് വിമൻസ് കോളേജിലെ പ്ളാനിങ് ഫോറം ഉദ്ഘാടനം. ജൂബയുടെ ഇടതുപോക്കറ്റിൽ ബ്ലോക്ക് പ്രസംഗം. മറ്റേതിൽ വഴുതയ്ക്കാട് പ്രസംഗം. ഇടത് , വലത്, ഇടത്, വലത്. മറക്കരുതല്ലോ. പക്ഷേ, മറന്നു. അതുകൊണ്ട് വിമൻസ്കോളേജിലെ പെൺകുട്ടികൾ കേട്ടത് ഇങ്ങനെ: 'കുടുംബാസൂത്രണത്തിന് ആവശ്യമായ എല്ലാ സഹായവും സർക്കാർ ചെയ്യുന്നുണ്ട്. ഉറയെങ്കിൽ ഉറ, ഗുളികയെങ്കിൽ ഗുളിക, സ്ഥിരമായി നിർത്തണമെങ്കിൽ ഓപ്രേഷൻ. ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തേണ്ടത് നിങ്ങൾ ഓരോരുത്തരുടെയും ചുമതലയാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ ഉദ്ഘാടനകർമ്മം നിർവഹിക്കുന്നു''. ആ മേയറും ഭരിച്ചതാണ് ഈ അനന്തപുരി. അദ്ദേഹത്തിന്റെ ആത്മാവിന് ശാന്തിയും അദ്ദേഹത്തിന്റെ പിന്മുറയിൽ എത്തുന്ന പുതിയ മേയർക്ക് ശുഭാശംസകളും നേരുന്നു.